**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2107** **09-02-2023 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പൊതുജനാരോഗ്യ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ) യിൽ നിലവിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് വിശദമാക്കുമോ; | (എ) | **കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 42 ലക്ഷം ഗുണഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.** |
| (ബി) | ഒരു ഗുണഭോക്താവിന് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ചെലവാക്കുന്ന വിഹിതം എത്രയാണെന്ന് അറിയിക്കാമോ; | (ബി) | കാരുണ്യ സുരക്ഷാ പദ്ധതിയിൽ ഒരു കുടുംബത്തിന് 631.2 രൂപ നിരക്കിൽ22,00,554 കുടുംബങ്ങൾക്ക് ആകെ 138.89 കോടി രൂപ കേന്ദ്ര സർക്കാർ ഓരോ വർഷവും ചെലവഴിക്കുന്നു. എന്നാൽ സംസ്ഥാന സർക്കാർ ഓരോ ഗുണഭോക്താവിനും ചികിത്സക്കായി ചെലവാകുന്ന തുക പൂർണമായും അനുവദിച്ചു വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഈയിനത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശം നൽകാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 ,2022-23 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ 1802.50 കോടി രൂപയും കേന്ദ്ര സർക്കാർ 277.78 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | നിയമപ്രകാരം കേന്ദ്ര സർക്കാർ നൽകേണ്ട വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | നിയമപ്രകാരം കേന്ദ്ര സർക്കാർ നൽകുന്ന വിഹിതത്തിൽ കുറവ് ഉണ്ടായിട്ടില്ല . |

സെക്ഷൻ ഓഫീസർ